2026
OCTOBER
02
FRIDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper



# രാജ്യത്തെ വാഹന വില്പനയിൽ വൻകുതിപ്പ് ഇലക്ട്രിക് വാഹനങ്ങളുടെ രജിസ്ട്രേഷൻ ഇരട്ടിയിലേറെയായി

**ബെംഗളൂരു:** രാജ്യത്തെ വാഹന വില്പനയിൽ സെപ്റ്റംബറിൽ വൻകുതിപ്പ്. 2025 സെപ്റ്റംബറിനെ അപേക്ഷിച്ച് ഈ മാസം ഇതുവരെയുള്ള വാഹന രജിസ്ട്രേഷനിൽ 45 ശതമാനം വർധന രേഖപ്പെടുത്തി. കഴിഞ്ഞ അഞ്ചുവർഷത്തിനിടയിലെ ഏറ്റവും മികച്ച സെപ്റ്റംബറായിരിക്കും 2026ലേത് എന്നാണ് വാഹനലോകത്തിന്റെ പ്രതീക്ഷ.

ഇരുചക്ര വാഹനങ്ങൾ, പാസഞ്ചർ വാഹനങ്ങൾ, വാണിജ്യ വാഹനങ്ങൾ എന്നിവയെല്ലാം ഈ മാസം 40 ശതമാനത്തിലേറെ വളർച്ച രേഖപ്പെടുത്തി. പൂർണമായും വൈദ്യുതിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങളുടെ രജിസ്ട്രേഷൻ ഇരട്ടിയിലേറെയായി.

ഈ മാസത്തെ വില്പന കഴിഞ്ഞ വർഷം സെപ്റ്റംബറുമായി ചേർത്തു വായിക്കുമ്പോഴാണ് ഉയർന്നു നിൽക്കുന്നതെന്ന വസ്തുത വിസ്മരിച്ചുകൂടാ. കഴിഞ്ഞ വർഷം സെപ്റ്റംബർ 22നാണ് ജിഎസ്ടി പരിഷ്കരണം നിലവിൽ വന്നത്. 2025 സെപ്റ്റംബർ ഒന്നുമുതൽ 21 വരെ വാഹന വിൽപന തീർത്തും കുറഞ്ഞിരുന്നു.

ആളുകൾ ജിഎസ്ടി നിരക്കിളവിന്റെ നേട്ടം കൊയ്യാനായി വാങ്ങൽ നീട്ടിവച്ചിരുന്നു. ഇതാണ് കഴിഞ്ഞ വർഷം സെപ്റ്റംബറിലെ വിൽപന ഇടിയാൻ കാരണം. ഇത്തവണ ഉത്സവകാലത്തിന്റെ തുടക്കം തന്നെ മികച്ച വിൽപനയാണ് നടക്കുന്നത്. ജിഎസ്ടി പരിഷ്കരണം മൂലം വില കുറഞ്ഞതും ഉണർവിന് കാരണമായി.

ഇരുചക്ര വാഹന രജിസ്ട്രേഷൻ ഇതുവരെ 48% ഉയർന്നു. വിപണിയുടെ ശരാശരി വളർച്ചയെക്കാൾ മികച്ച പ്രകടനമാണ് ടിവിഎസ് മോട്ടോറും ഹീറോ മോട്ടോകോർപ്പും കാഴ്ചവയ്ക്കുന്നത്. അതേസമയം, ബജാജ് ഓട്ടോയും റോയൽ എൻഫീൽഡും വിപണിയുടെ മൊത്തത്തിലുള്ള വളർച്ചയെക്കാൾ പിന്നിലായി.

ഇലക്ട്രിക് ഇരുചക്ര വാഹന വിപണിയിൽ ഈ മാസം 126 ശതമാനം വർധനയാണ് ഇതുവരെ രേഖപ്പെടുത്തിയിരിക്കുന്നത്. 26.6 ശതമാനത്തിലേറെ വിഹിതവുമായി ടിവിഎസ് മുന്നേറ്റം തുടരുന്നു. ബജാജ് ചേതക്കിന്റെ വിപണി വിഹിതം മുൻമാസത്തെ അപേക്ഷിച്ച് ഏകദേശം 1.4 ശതമാനം പോയിന്റും ഹീറോ വിഡയുടേത് 1.5 ശതമാനം പോയിന്റും ഉയർന്നു. ഏഥറിന്റെ വിഹിതം 0.8 ശതമാനം പോയിന്റ് കുറഞ്ഞു.

ഒല ഇലക്ട്രിക്കിന്റെ വിഹിതം 1.5 ശതമാനം പോയിന്റ് ഇടിഞ്ഞ് ഏകദേശം ആറ് ശതമാനത്തിലെത്തി.

പാസഞ്ചർ വാഹന രജിസ്ട്രേഷൻ 41 ശതമാനം വർധിച്ചു. ഹ്യുണ്ടായ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര, മാരുതി സുസുക്കി എന്നിവ ഈ വിഭാഗത്തിലെ ശരാശരിയേക്കാൾ മികച്ച പ്രകടനം നടത്തി. ടാറ്റ മോട്ടോഴ്സിന്റെ പാസഞ്ചർ വാഹന വിഭാഗത്തിന്റെ വളർച്ച വിപണിയുടെ ശരാശരിയേക്കാൾ താഴെയായിരുന്നു.

വാണിജ്യ വാഹന രജിസ്ട്രേഷൻ 44 ശതമാനം ഉയർന്നു. ഇടത്തരം, ഹെവി വാണിജ്യ വാഹനങ്ങളാണ് ഈ വിഭാഗത്തിൽ മുന്നിൽ. വളർച്ച 51 ശതമാനം. ടാറ്റ മോട്ടോഴ്സിന്റെ വാണിജ്യ വാഹന വിഭാഗം അശോക് ലെയ്‌ലാൻഡിനെക്കാൾ മികച്ച പ്രകടനം കാഴ്ചവച്ചു. മുച്ചക്ര വാഹന രജിസ്ട്രേഷനും 26 ശതമാനം വർധിച്ചു.

# ജിയോജിത്തിൽ നേതൃമാറ്റം: സി. ജെ. ജോർജ് എക്സിക്യൂട്ടീവ് ചെയർമാനാകും

**കൊച്ചി:** ജിയോജിത് ഫിനാൻഷ്യൽ സർവീസസിൽ നേതൃമാറ്റം. കമ്പനിയുടെ പുതിയ എക്സിക്യൂട്ടീവ് ചെയർമാനായി നിലവിലെ എം.ഡി. സി. ജെ. ജോർജിനെയും മാനേജിങ് ഡയറക്ടറായി നിലവിൽ എക്സിക്യൂട്ടീവ് ഡയറക്ടറായ ജോൺസ് ജോർജിനെയും നിയമിച്ചു. പുതിയ നിയമനം ഒക്ടോബർ ഒന്നു മുതൽ പ്രാബല്യത്തിൽ വരും. ജൂലൈ 22നു ചേർന്ന കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗമാണ് ഈ സ്ഥാനമാറ്റങ്ങൾക്ക് ഔദ്യോഗികമായി അംഗീകാരം നൽകിയത്.

1987ൽ സി. ജെ. ജോർജും രഞ്ജിത് കാഞ്ചിലാലും ചേർന്ന് സ്ഥാപിച്ച ജിയോജിത്, ഇന്ത്യയിലെ ഓഹരി വിപണിയിൽ വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്ന കമ്പനിയാണ്. ഇന്റർനെറ്റ് വഴിയും മൊബൈൽ ഫോൺ വഴിയുമുള്ള ട്രേഡിങ് രാജ്യത്ത് ആദ്യമായി അവതരിപ്പിച്ചത് ജിയോജിത്താണ്. ഇതിനുപുറമെ സ്വർണം, കുരുമുളക്, ഏലം തുടങ്ങിയവയുടെ ഫ്യൂച്ചേഴ്സ് ട്രേഡിങ്ങിനും തുടക്കം കുറിച്ചത് ജിയോജിത്താണ്. നാൽപതാം വർഷത്തിലേക്ക് കടക്കുന്ന കമ്പനിയുടെ വളർച്ചയിലെ അടുത്ത പടിയാണ് ഈ നേതൃമാറ്റം.

2013ൽ ഡിജിറ്റൽ മീഡിയ മാനേജരായാണ് ജോൺസ് ജോർജ് ജിയോജിത്തിൽ എത്തിയത്. പിന്നീട്, 2018ൽ ചീഫ് ഡിജിറ്റൽ ഓഫീസറായും 2021ൽ എക്സിക്യൂട്ടീവ് ഡയറക്ടറായും നിയമിക്കപ്പെട്ടു. ജിയോജിത്തിന്റെ ഡിജിറ്റൽ പരിവർത്തനത്തിൽ സുപ്രധാന പങ്കുവഹിച്ച അദ്ദേഹം, വിദേശത്തെ ബിസിനസുകളുടെയും കമ്പനിയുടെ വളർച്ചാതന്ത്രങ്ങളുടെയും ചുമതല വഹിക്കുന്നുണ്ട്. ഒരു പതിറ്റാണ്ടിലേറെയായി കമ്പനിക്കൊപ്പമുള്ള ജോൺസിന് കമ്പനിയുടെ പ്രവർത്തനങ്ങളെക്കുറിച്ച് സമഗ്രമായ അറിവുണ്ട്.

അടിസ്ഥാനമൂല്യങ്ങൾ കാത്തുസൂക്ഷിച്ച് കമ്പനിയെ കൂടുതൽ ഉയരങ്ങളിലേക്ക് നയിക്കാൻ അദ്ദേഹത്തിന് സാധിക്കുമെന്ന് പൂർണ്ണവിശ്വാസമുണ്ടെന്നും കമ്പനിയുടെ നേതൃനിരയ്ക്ക് എക്സിക്യൂട്ടീവ് ചെയർമാൻ എന്ന നിലയിൽ പൂർണ്ണപിന്തുണ നൽകുമെന്നും സി. ജെ. ജോർജ് പറഞ്ഞു.

# രാജ്യാന്തര ട്രെൻഡിൽ താഴേക്കിറങ്ങി സ്വർണം; പവന് കുറഞ്ഞത് 240 രൂപ

**കൊച്ചി:** സംസ്ഥാനത്ത് ഒരുദിവസത്തെ കുതിപ്പിനു പിന്നാലെ വീണ്ടും താഴേക്കിറങ്ങി സ്വർണവില. 22 കാരറ്റ് സ്വർണം ഗ്രാമിന് 30 രൂപയും പവന് 240 രൂപയുമാണ് കുറഞ്ഞത്. ഇതോടെ, ഒരു ഗ്രാം സ്വർണത്തിന് 13,680 രൂപയിലും പവന് 1,09,440 രൂപയിലുമാണ് വ്യാപാരം പുരോഗമിക്കുന്നത്. അതേസമയം, 18 കാരറ്റ് സ്വർണവില ഗ്രാമിന് 25 രൂപ കുറഞ്ഞ് 11,240 രൂപയിലെത്തി.

സംസ്ഥാനത്ത് മൂന്നുദിവസത്തെ ഇടിവിന് ശേഷം ഇന്നലെ സ്വർണവില തിരിച്ചുകയറിയിരുന്നു. 22 കാരറ്റ് സ്വർണം ഗ്രാമിന് 70 രൂപയും പവന് 560 രൂപയുമാണ് വർധിച്ചത്. നേരത്തെ, ഇടിവോടെ വാരാദ്യ വിപണി ആരംഭിച്ച സ്വർണം തിങ്കളാഴ്ച ഗ്രാമിന് 230 രൂപയും പവന് 1,840 രൂപയുമാണ് ഇടിഞ്ഞത്. തൊട്ടുപിന്നാലെ ചൊവ്വാഴ്ച ഗ്രാമിന് 25 രൂപയും പവന് 200 രൂപയും കുറഞ്ഞ സ്വർണവില വീണ്ടും 1.10 ലക്ഷത്തിനു താഴെപ്പോയിരുന്നു.






# ഓഗസ്റ്റ് വരെയുള്ള ആദ്യ അഞ്ച് മാസം; ധനകമ്മി 7.10 ലക്ഷം കോടി രൂപയായി ഉയർന്നു

**ന്യൂദൽഹി:** നടപ്പ് സാമ്പത്തിക വർഷത്തിലെ ഓഗസ്റ്റ് വരെയുള്ള ആദ്യ അഞ്ച് മാസങ്ങളിൽ ഇന്ത്യയുടെ ധനകമ്മി 7.10 ലക്ഷം കോടി രൂപയായി വർധിച്ചതായി ഇന്നലെ പുറത്തുവിട്ട സർക്കാർ കണക്കുകൾ വ്യക്തമാക്കുന്നു.

ഇത് സർക്കാരിന്റെ മുഴുവൻ വർഷത്തേക്കുള്ള ബജറ്റ് കണക്കിന്റെ 41.9% വരും. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ (ഏപ്രിൽ-ഓഗസ്റ്റ്) ധനകമ്മി വാർഷിക ലക്ഷ്യത്തിന്റെ 38.1% ആയിരുന്നു.



2026-27 സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാർ 16.96 ലക്ഷം കോടി രൂപയുടെ ധനകമ്മിയാണ് ബജറ്റിൽ ലക്ഷ്യമിട്ടിരിക്കുന്നത്.

ഏപ്രിൽ-ഓഗസ്റ്റ് കാലയളവിൽ സർക്കാരിന്റെ ആകെ വരുമാനം 13.68 ലക്ഷം കോടി രൂപയാണ്. ഇത് മുഴുവൻ വർഷത്തെ ബജറ്റ് ലക്ഷ്യമായ 36.52 ലക്ഷം കോടി രൂപയുടെ 37.5% ആണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ വരുമാനം വാർഷിക ലക്ഷ്യത്തിന്റെ 36.7% ആയിരുന്നു.

അതേസമയം, ആകെ ചെലവ് 20.78 ലക്ഷം കോടി രൂപയിലെത്തി. ഇത് ഈ സാമ്പത്തിക വർഷത്തേക്ക് ബജറ്റ് വകയിരുത്തിയ 53.47 ലക്ഷം കോടി രൂപയുടെ 38.9% ആണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ചെലവ് വാർഷിക ലക്ഷ്യത്തിന്റെ 37.1% ആയിരുന്നു.

റവന്യൂ വരുമാനം 12.92 ലക്ഷം കോടി രൂപയാണ് (ബജറ്റ് ലക്ഷ്യത്തിന്റെ 36.6%). ഇതിൽ അറ്റ നികുതി വരുമാനം 8.38 ലക്ഷം കോടി രൂപയും നികുതിയേതര വരുമാനം 4.55 ലക്ഷം കോടി രൂപയുമാണ്.

2026-27 സാമ്പത്തിക വർഷത്തിൽ ജിഡിപിയുടെ 4.3 ശതമാനം ധനക്കമ്മി ലക്ഷ്യം കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുണ്ട്.



ടിസിഎസ് ഇൻകിസിറ്റീവ് 2026 കൊച്ചി എഡിഷൻ വിജയികളായ എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും, ഫാക്ട് സിഎംഡി എസ്. ശക്തിമണി, ടിസിഎസ് കൊച്ചി സെന്റർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ എന്നിവർക്കൊപ്പം.

# എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും ടിസിഎസ് ഇൻക്വിസിറ്റീവ് 2026 കൊച്ചി എഡിഷൻ ജേതാക്കൾ

**കൊച്ചി:** ടാറ്റ കൺസൾട്ടൻസി സർവീസസ്, തങ്ങളുടെ ഇൻറർസ്കൂൾ ക്വിസ് പ്രോഗ്രാമായ ടിസിഎസ് ഇൻക്വിസിറ്റീവ് 2026ൻറെ കൊച്ചി എഡിഷൻ മത്സരങ്ങൾ സംഘടിപ്പിച്ചു. എരൂർ ഭവൻസ് വിദ്യാമന്ദിറിലെ പ്രിയാൻഷ് നായരും ശാന്തനു എസും കൊച്ചി എഡിഷനിൽ വിജയികളായി. വിജയികൾ ദേശീയതലത്തിലുള്ള സെമി ഫൈനൽ മത്സരങ്ങളിൽ കൊച്ചിയെ പ്രതിനിധീകരിക്കും.

കൊച്ചി, കൂടാതെ കോത്തഗിരി, തൃശൂർ, കോട്ടയം, പാലക്കാട് എന്നിവിടങ്ങളിൽ നിന്നുള്ള 32 സ്കൂളുകളെ പ്രതിനിധീകരിച്ച് 102 ടീമുകൾ കൊച്ചി എഡിഷനിൽ പങ്കെടുത്തു. ഫാക്ട് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ എസ്. ശക്തിമണി ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്തു. ടാറ്റ കൺസൾട്ടൻസി സർവീസസിനെ പ്രതിനിധീകരിച്ച് ടിസിഎസ് കൊച്ചി സെൻറർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ ചടങ്ങിൽ സന്നിഹിതനായിരുന്നു.

നിർമ്മിത ബുദ്ധിയുടെ കരുത്ത് പ്രയോജനപ്പെടുത്തിക്കൊണ്ട്, ഈ വർഷത്തെ ടിസിഎസ് ഇൻകിസിറ്റീവ് മത്സരങ്ങളിൽ തത്സമയ എഐ അധിഷ്ഠിത അനലിറ്റിക്സ് ലഭ്യമാക്കിയിരുന്നു. ഓരോ റൗണ്ടിന് ശേഷവും തങ്ങളുടെ പ്രകടനത്തിൻറെ വിശദമായ വിവരങ്ങൾ കാണാനും മെച്ചപ്പെടുത്തേണ്ട മേഖലകൾ വേഗത്തിൽ തിരിച്ചറിയാനും ഇത് മത്സരാർത്ഥികളെ സഹായിച്ചു.

പുതിയ ആശയങ്ങൾക്കും നവീകരണങ്ങൾക്കും അവസരങ്ങൾക്കുമുള്ള ഒരു കവാടമായി കൊച്ചി മാറിയിരിക്കുന്നുവെന്നും അതുകൊണ്ടുതന്നെ യുവപ്രതിഭകളെ ആഘോഷിക്കാൻ പറ്റിയ ഏറ്റവും മികച്ച വേദിയാണിതെന്നും ടിസിഎസ് കൊച്ചി സെൻറർ ഹെഡ് അരുൺ നാരായൺ തെക്കേതിൽ പറഞ്ഞു. രാജ്യത്തെ തന്നെ ഏറ്റവും മിടുക്കരായ യുവമനസുകളെ വാർത്തെടുക്കാനുള്ള കൊച്ചിയുടെ കഴിവാണ് ഈ മത്സരത്തിൽ കണ്ട അത്യുജ്ജ്വലമായ ക്വിസ് നിലവാരം പ്രതിഫലിപ്പിക്കുന്നത്. എല്ലാ ടീമുകളെയും അഭിനന്ദിക്കുന്നുവെന്നും ദേശീയ സെമി ഫൈനലിൽ കൊച്ചിയെ പ്രതിനിധീകരിക്കുന്ന വിജയികൾക്ക് എല്ലാവിധ ആശംസകളും നേരുന്നുവെന്നും അദ്ദേഹം പറഞ്ഞു.

8 മുതൽ 12 വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്കായി ഒരുക്കിയിരിക്കുന്ന ടിസിഎസ് ഇൻകിസിറ്റീവ് മത്സരം വിദ്യാഭ്യാസം, വിനോദം, കായികം, ബിസിനസ് ട്രെൻഡുകൾ, പരസ്യം, സോഷ്യൽ മീഡിയ തുടങ്ങി വൈവിധ്യമാർന്ന വിഷയങ്ങൾ ഉൾക്കൊള്ളുന്നതാണ്. സയൻസ്, ടെക്നോളജി, എഞ്ചിനീയറിംഗ്, മാത്തമാറ്റിക്സ് എന്നിവയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതിനൊപ്പം ആർട്ടിഫിഷ്യൽ ഇൻറലിജൻസ്, ക്ലൗഡ് കമ്പ്യൂട്ടിംഗ്, ഓട്ടോമേഷൻ, ബയോമെട്രിക്സ്, റോബോട്ടിക്സ് തുടങ്ങിയ മേഖലകളെക്കുറിച്ചും ഈ ക്വിസ് പ്രതിപാദിക്കുന്നു.



എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ 205ാമത് കൊമ്പ്രേരിയ തിരുനാൾ കൊടിയേറ്റ കർമ്മം വരാപ്പുഴ അതിരൂപത ആർച്ച്ബിഷപ്പ് എമിരിത്തൂസ് ഡോ.ഫ്രാൻസിസ് കല്ലറക്കൽ നിർവഹിക്കുന്നു. വികാരി ഫാ.പീറ്റർ കൊച്ചുവീട്ടിൽ, ചാൻസലർ ഫാ.എബിജിൻ അറക്കൽ, ഫാ.ജോൺ ബാപ്റ്റിസ്റ്റ്, ഫാ.നിവിൻ നിക്സൺ പുതുക്കട, ഫാ.ബെൻസൺ ജോർജ് ആലപ്പാട്ട്, ഫാ.ആന്റണി ലാലു, പ്രസുദേന്തി മാനുവൽ ബെന്നി, ജനറൽ കൺവീനർ അലീന ജോർജ്, കൗൺസിലർ ടൈസൺ, മുൻ കൗൺസിലർ മനു ജേക്കബ് എന്നിവർ സമീപം.

# കൊമ്പ്രേരിയ തിരുനാളിന് കൊടിയേറി

**കൊച്ചി:** എറണാകുളം സെന്റ് ഫ്രാൻസിസ് അസീസി കത്തീഡ്രലിൽ വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ 205ാമത് കൊമ്പ്രേരിയ തിരുനാളിന് കൊടിയേറി. തിരുനാൾ കൊടിയേറ്റത്തിനും തുടർന്ന് നടന്ന ദിവ്യബലിക്കും വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പ് എമിരിറ്റസ് ഡോ.ഫ്രാൻസിസ് കല്ലറക്കൽ മുഖ്യകാർമികത്വം വഹിച്ചു. പൊന്നുരുന്നി കപ്പൂച്ചിൻ ആശ്രമം സുപ്പീരിയർ ഫാ.ജോൺ ബാപ്റ്റിസ്റ്റ് വചനപ്രഘോഷണം നടത്തി. വികാരി ഫാ.പീറ്റർ കൊച്ചുവീട്ടിൽ,ഫാ. ആന്റണി ലാലു, സഹ വികാരി ഫാ.നിവിൻ നിക്സൺ പുതുക്കട, വരാപ്പുഴ അതിരൂപത ചാൻസലർ ഫാ.എബിജിൻ അറക്കൽ, ഫാ.ബെൻസൺ ജോർജ് ആലപ്പാട്ട് എന്നിവർ സഹകാർമികരായിരുന്നു.

# ബ്രദർ മാവൂരൂസ് മഹാത്യാഗത്തിന്റെ ആൾരൂപം: ഫാ. പൗലോസ് കിടങ്ങൻ

**കൊച്ചി:** ബ്രദർ മാവൂരൂസ് മാളിയേക്കൽ മഹാത്യാഗത്തിന്റെ രൂപമായിരുന്നു വെന്ന് സിഎം ഐ കൊച്ചി സെക്രെഡ് ഹാർട്ട് പ്രൊവിൻഷ്യൽ ഫാ. പൗലോസ് കിടങ്ങൻ അഭിപ്രായപ്പെട്ടു. ചാവറ കൾച്ചറൽ സെൻററിൽ ബ്ര.മാവൂരൂസ് മാളിയേക്കൽ അനുശോചന സമ്മേളനത്തിൽ മുഖ്യപ്രഭാഷണം നടത്തി സംസാരിക്കുകയായിരുന്നു അദ്ദേഹം.. ബ്രദർ ഓരോ കത്തുകൾ കൊടുത്തു വിടുമ്പോൾ ആ കത്ത് ലഭിച്ച ഏതൊരാളും ഏറ്റവും യോഗ്യനായ ഒരാൾക്കെ ബ്രദർ അത് എഴുതൂ എന്നുള്ള ബോധ്യമുള്ള ആളായിരിക്കും അത് തീർച്ചയായിട്ടും അവർക്ക് വേണ്ട കാര്യങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്യും. നല്ലൊരു ഭക്ഷണം പോലും കഴിക്കാതെ മറ്റുള്ളവർക്ക് വേണ്ടി ജീവിച്ച ഒരു വ്യക്തിത്വത്തിന് ഉടമയാണ് ബ്രദർ എന്ന് അദ്ദേഹം തുടർന്നു പറഞ്ഞു . കലാഭവൻ സെക്രട്ടറി കെ എസ് പ്രസാദ്, സെൻറ് ജോസഫ് ആശ്രമം സുപ്പീരിയർ ഫാ. മാത്യു കോയിക്കര സി എം ഐ, ചാവറ കൾച്ചറൽ സെൻറർ ഫിനാൻഷ്യൽ അഡ്മിനിസ്ട്രേറ്റർ ഫാ.എമിൽ പുള്ളിക്കാട്ടിൽ സി എം ഐ, സിറിയക്ക് ഏലിയാസ് വോളണ്ടറി അസോസിയേഷൻ സെക്രട്ടറി ഫാ. തോമസ് തേരോട്ടിൽ, കൊച്ചി കോർപറേഷൻ കൗൺസിലർമാരായ കെ. വി. പി. കൃഷ്ണകുമാർ, നിർമല ടീച്ചർ, ചാവറ മാട്രിമോണി എക്സിക്യൂട്ടീവ് ഡയറക്ടർ ജോൺസൺ സി എബ്രഹാം, കാരി ക്കാമുറി റെസിഡൻസ് അസോസിയേഷൻ പ്രസിഡണ്ട് സി.ഡി. അനിൽകുമാർ എന്നിവർ പ്രസംഗിച്ചു. ബ്രദർ മാവൂരൂസ് മെമ്മോറിയൽ ബ്ലഡ് ഡൊണേഷൻ ഫോറം, എറണാകുളം ജനറൽ ആശുപത്രി സൂപ്രണ്ട് ഡോ. പ്രഭു ദാസ് ആർ, ബ്ലഡ് സെൻറർ മെഡിക്കൽ ഓഫീസർ ഡോ. സാലി കുര്യന് ലോഗോ നൽകി കൊണ്ട് ഉദ്ഘാടനം ചെയ്തു.



ചാവറ കൾച്ചറൽ സെന്ററിൽ ബ്രദർ മാവൂരൂസ് അനുസ്മരണ സമ്മേളനത്തിൽ ഐ. എം. ഐ, കൊച്ചിപ്രൊവിൻഷ്യാൾ ഫാ. പൗലോസ് കിടങ്ങൻ മുഖ്യപ്രഭാഷണം നടത്തുന്നു, ഫാ. തോമസ് തേരോട്ടിൽ സി. എം. ഐ., ഡോ. സാലി കുര്യൻ, ഫാ. മാത്യു കോയിക്കര സി. എം. ഐ., കലാഭവൻ സെക്രട്ടറി കെ എസ് പ്രസാദ്, കായൺസിലർ കെ വി പി കൃഷ്ണകുമാർ, ഡോ. പ്രഭുദാസ് ആർ, കൗൺസിലർ നിർമ്മല ടീച്ചർ, ഫാ. എമിൽ പുള്ളിക്കാട്ടിൽ സി. എം. ഐ., എന്നിവർ സമീപം



സൊസൈറ്റി ടുഡേ
SOCIETY TODAY



# ലോക ഹൃദയദിനാചരണം നടത്തി

**അങ്കമാലി:** മാറുന്ന ജീവിതശൈലിയും തെറ്റായ ഭക്ഷണരീതിയും ഹൃദയാരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നുവെന്നും അതിനാൽ ചിട്ടയായ ജീവിതരീതികൾ പാലിക്കുവാൻ എല്ലാവരും മുൻകൈയെടുക്കണമെന്ന് അങ്കമാലി നഗരസഭ ചെയർപേഴ്സൺ റീത്ത പോൾ പറഞ്ഞു. അങ്കമാലി വിശ്വജ്യോതി പബ്ലിക് സ്കൂളിൽ ലോക ഹൃദയദിനം ജില്ലാതല ഉദ്ഘാടനം നിർവഹിച്ചു സംസാരിക്കുകയായിരുന്നു, അവർ.

വൈസ് ചെയർമാൻ വിൽസൺ മുണ്ടാടൻ അദ്ധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ആരതി കൃഷ്ണൻ മുഖ്യപ്രഭാഷണം നടത്തി. ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ ലക്ക്സി ജോയ് ലഹരി വിമുക്ത പ്രതിജ്ഞ ചൊല്ലികൊടുത്തു.

അങ്കമാലി താലൂക്ക് ആശുപത്രി സൂപ്രണ്ട് ഡോ. സുനിൽ ജെ ഇളന്തട്ട്, വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർപേഴ്സൺ ബിനി കൃഷ്ണൻകുട്ടി, കൗൺസിലർമാരായ കെ എസ് സുപ്രിയ, വീണ, ലിറ്റിൽ ഫ്‌ലവർ ആശുപത്രി കാർഡിയോളജി വിഭാഗം തലവൻ ഡോ സ്റ്റിജി ജോസഫ്, ഡോ ഡനിം എഡ്ഗർ, ഹെൽത്ത് ഇൻസ്പെക്ടർ ബിനീഷ് കുമാർ എ കെ തുടങ്ങിയവർ സംസാരിച്ചു.

അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ വി ജയരാജ് ലഹരി വിരുദ്ധ ബോധവത്കരണ ഓട്ടംതുള്ളൽ അവതരിപ്പിച്ചു. അങ്കമാലി താലൂക്ക് ആശുപത്രി ഫിസിഷ്യൻ ഡോ തമീസ് അഹമ്മദ് വി എയുടെ നേതൃത്വത്തിൽ സി പി ആർ പരിശീലനവും സംഘടിപ്പിച്ചു. ദിനാചരണത്തിന്റെ ഭാഗമായി പോസ്റ്റർ പ്രദർശനവും സംഘടിപ്പിച്ചു. ജില്ല മെഡിക്കൽ ഓഫീസ് (ആരോഗ്യം), ദേശീയ ആരോഗ്യദൗത്യം, അങ്കമാലി നഗരസഭ, അങ്കമാലി താലൂക്ക് ആശുപത്രി, വിശ്വജ്യോതി പബ്ലിക് സ്ക്കൂൾ എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.



# ഗവിയിലും സൂര്യനെല്ലിയിലും വർക്കേഷൻ സൗകര്യം ഒരുക്കി സർക്കാർ

**തിരുവനന്തപുരം:** കേരളത്തിൽ ആദ്യമായി സർക്കാർ മേഖലയിൽ വർക്കേഷൻ ആശയം നടപ്പിലാക്കുകയാണെന്ന് മുഖ്യമന്ത്രി വി ഡി സതീശൻ. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ താമസിച്ചു ജോലി ചെയ്യാൻ കഴിയുന്ന വർക്കേഷൻ സൗകര്യങ്ങൾ ഗവിയിലും സൂര്യനെല്ലിയിലും ഒരുക്കുന്ന 'SHOLA' (Seek Hike Observe Lodge Absorb) ബ്രാൻഡിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. ഇതുൾപ്പെടെ കേരള വനവികസന കോർപറേഷൻ പുതിയതായി ആരംഭിക്കുന്ന അഞ്ച് പദ്ധതികളുടെ ഉദ്ഘാടനം മാസ്ക്കോട്ട് ഹോട്ടലിൽ മുഖ്യമന്ത്രി നിർവഹിച്ചു.

കേരള വനവികസന കോർപറേഷന്റെ തോട്ടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന തേയിലയും കാപ്പിയും വിപണനം ചെയ്യുന്ന ആത്മ എന്ന ബ്രാൻഡിന്റെ പ്രകാശനവും മുഖ്യമന്ത്രി നിർവഹിച്ചു. ആത്മ തേയിലകാപ്പി ബ്രാൻഡിന്റെ ആദ്യ വില്പന മന്ത്രി ഷിബു ബേബി ജോൺ മുഖ്യമന്ത്രിക്ക് കൈമാറി നിർവഹിച്ചു. വാഗമണ്ണിൽ ആരംഭിക്കുന്ന പ്രീമിയം പോഡ് സ്റ്റേ പദ്ധതിയുടെ പ്രവൃത്തി ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. നാല് പോഡുകളുടെ നിർമാണം ഡിസംബറിൽ പൂർത്തീകരിക്കും. തവണ വ്യവസ്ഥയിൽ വിനോദയാത്രകൾ സാധ്യമാക്കുന്ന 'ട്രാവൽ ടുഡേ പേ ടുമോറോ' പദ്ധതി, പ്രകൃതി വ്യാഖ്യാനത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള ഇക്കോ ഗൈഡ് പരിശീലനം തുടങ്ങിയ സംരംഭങ്ങൾക്കും ഇന്ന് തുടക്കം കുറിച്ചു.

കേരളത്തിന്റെ ജൈവവൈവിധ്യം ലോകോത്തരമാണെന്ന തിരിച്ചറിവ് മലയാളികൾക്കുണ്ടാകണമെന്ന് മുഖ്യമന്ത്രി പറഞ്ഞു. സമാനതകളില്ലാത്ത അനുഭവം വിനോദസഞ്ചാരികൾക്ക് നൽകാൻ വനം വകുപ്പിന്റെ പുതിയ സംരംഭങ്ങൾക്ക് കഴിയും. ആവാസവ്യവസ്ഥയ്ക്ക് കോട്ടം വരുത്താതെ വിനോദസഞ്ചാരവും വികസനവും ഉറപ്പാക്കണം. എക്കോടൂറിസം കേന്ദ്രങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന താൽക്കാലിക സംവിധാനമായ പോഡുകൾ കേരളത്തിന്റെ സാഹചര്യങ്ങൾക്ക് ഏറെ അനുകൂലമാണ്. മൂല്യവർധന ഉറപ്പാക്കി കേരളത്തിന്റെ പ്രത്യേകതയാർന്ന ഉൽപ്പന്നങ്ങൾ കൂടുതലായി നമുക്ക് വികസിപ്പിക്കാൻ കഴിയണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

വന ഉൽപ്പന്നങ്ങളുടെ മൂല്യവർധന ഉറപ്പാക്കുമെന്ന് ചടങ്ങിൽ അധ്യക്ഷനായ വനം വന്യജീവി വകുപ്പ് മന്ത്രി ഷിബു ബേബി ജോൺ പറഞ്ഞു. കേരള വനവികസന കോർപറേഷന്റെ ഉടമസ്ഥതയിലുള്ള ചന്ദനമരങ്ങളിൽ നിന്നുള്ള ചന്ദനം 'കളഭം' എന്ന ബ്രാൻഡായി പുറത്തിറക്കും. വനാതിർത്തി പ്രദേശങ്ങളിലേക്ക് എത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വൻ വർധനയാണ്. ഈ സാധ്യത ഉപയോഗിക്കുന്നതിനും അതിനെ സുസ്ഥിരമായ സാമൂഹികസാമ്പത്തിക പുരോഗതിയുടെ ഭാഗമാക്കുന്നതിനുമായി മുന്നോട്ടുവയ്ക്കുന്ന 'പ്രീമിയം ബയോഡൈവേഴ്സിറ്റി എക്സ്പീരിയൻസ് എന്ന ദർശനത്തിന്റെ ഭാഗമായാണ് പദ്ധതികൾ ആരംഭിച്ചതെന്നും മന്ത്രി പറഞ്ഞു.

വനം വന്യജീവി വകുപ്പ് സെക്രട്ടറി കെ ബിജു സ്വാഗതം ആശംസിച്ചു. നജീബ് കാന്തപുരം എം എൽ എ, പ്രിൻസിപ്പൽ ചീഫ് കൺസെർവേറ്റർ ഓഫ് ഫോറസ്റ്റ്സ് രാജേഷ് രവീന്ദ്രൻ, കേരള വനവികസന കോർപറേഷൻ എം ഡി രാജു കെ ഫ്രാൻസിസ് തുടങ്ങിയവർ പങ്കെടുത്തു.



# കെട്ടിട നിർമാണത്തിൽ നൂതന സാങ്കേതികവിദ്യയ്ക്ക് പ്രാധാന്യം നൽകും: മന്ത്രി മോൻസ് ജോസഫ്

**തിരുവനന്തപുരം:** സംസ്ഥാനത്തെ കെട്ടിട നിർമാണ രംഗത്ത് നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി കൂടുതൽ മെച്ചപ്പെട്ട നിർമാണ സൗകര്യങ്ങൾ ഒരുക്കുമെന്ന് ഭവന നിർമാണ വകുപ്പ് മന്ത്രി മോൻസ് ജോസഫ്. നിർമിതി കേന്ദ്രത്തിന്റെ കേരളത്തിലെ ആദ്യ ത്രീ ഡി പ്രിന്റിംഗ് ബിൽഡിംഗ് ടെക്നോളജി സെന്ററിന്റെ ഉദ്ഘാടനം തിരുവനന്തപുരം പിടിപി നഗറിലെ നിർമിതി ആസ്ഥാനത്ത് നിർവഹിക്കുകയായിരുന്നു മന്ത്രി.

ഡിജിറ്റൽ ഡിസൈൻ അടിസ്ഥാനമാക്കിയുള്ള ത്രീ ഡി പ്രിന്റിംഗ് സാങ്കേതികവിദ്യയിലൂടെ സങ്കീർണമായ ആകൃതികളും ഘടനകളും കൂടുതൽ കൃത്യതയോടെ നിർമിക്കാൻ കഴിയും. കുറഞ്ഞ ചെലവിൽ നിർമാണം പൂർത്തിയാക്കാൻ കഴിയുന്നതും നിർമാണ മേഖലയിലെ സമയവും അധ്വാനവും കുറയ്ക്കാൻ സാധിക്കുന്നതും സാങ്കേതികവിദ്യയുടെ പ്രധാന നേട്ടങ്ങളാണ്. പരമ്പരാഗത നിർമാണ രീതികളിൽനിന്ന് ആധുനിക ത്രീ ഡി പ്രിന്റിംഗ് സാങ്കേതികതയിലേക്കുള്ള നിർമിതി കേന്ദ്രത്തിന്റെ മാറ്റം കാലത്തിനനുസരിച്ചുള്ള മുന്നേറ്റമാണെന്നും മന്ത്രി പറഞ്ഞു. കെട്ടിട നിർമാണ രംഗത്ത് മികച്ച പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന നിർമിതി കേന്ദ്രത്തിനെ മന്ത്രി അഭിനന്ദിച്ചു.

നിർമിതി കേന്ദ്രം നടത്തുന്ന പരിശീലന പരിപാടിയായ ഇന്റഗ്രേറ്റഡ് സ്കിൽ ട്രെയിനിംഗ് പ്രോഗ്രാമിന്റെ ഉദ്ഘാടനം മന്ത്രി കെ മുരളീധരൻ നിർവഹിച്ചു. സംസ്ഥാന നിർമ്മിതി കേന്ദ്രം ഡയറക്ടർ ഡോ. ഫെബി വർഗീസ്, കെസ്നിക് ചീഫ് ടെക്നിക്കൽ ഓഫീസർ സന്തോഷ് വി തുടങ്ങിയവർ പങ്കെടുത്തു.




# ഹൃദയാരോഗ്യ സന്ദേശവുമായി ഹോളി ഗോസ്റ്റ് മിഷൻ ആശുപത്രിയിൽ വാക്കത്തൺ

**മുട്ടുചിറ:** ലോക ഹൃദയദിനാചരണത്തിന്റെ ഭാഗമായി മുട്ടുചിറ ഹോളി ഗോസ്റ്റ് മിഷൻ ആശുപത്രിയുടെ നേതൃത്വത്തിൽ വാക്കത്തൺ സംഘടിപ്പിച്ചു. കടുത്തുരുത്തി ഗവൺമെൻറ് സ്കൂൾ ജംഗ്ഷനിൽനിന്ന് ആരംഭിച്ച വാക്കത്തൺ കെ. ബിനിമോൻ എംഎൽഎയും ആശുപത്രി ഡയറക്ടർ ഫാ.ഡോ. ഷീൻ പാലയ്ക്കത്തടത്തിലും ചേർന്ന് ഫ്ളാഗ് ഓഫ് ചെയ്തു.

ജില്ലാ പഞ്ചായത്തംഗം ആൻമരിയ ജോർജ്, കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ വർഗീസ്, പഞ്ചായത്ത് പ്രസിഡൻറ് റോയി ജോർജ്, പഞ്ചായത്തംഗം ജിൻസി എലിസബത്ത്, കടുത്തുരുത്തി സെൻറ് മേരീസ് ഫൊറോനാ താഴത്തുപള്ളി വികാരി ഫാ. ജോൺ പാളിത്തോട്ടം, സഹവികാരി ഫാ. ഏബ്രഹാം പെരിയപ്പുറം, ആശുപത്രി ചീഫ് മെഡിക്കൽ ഓഫിസർ ഡോ. എബിസൺ ഫിലിപ്പ്, കാർഡിയോളജി വിഭാഗം മേധാവി ഡോ. പ്രസാദ് പി. മാണി, മെഡിക്കൽ ഓഫിസർ ഡോ. സുശാന്ത്, ഹെൽത്ത് ഇൻസ്പെക്ടർ മിനി മാത്യു, ആശാ പ്രവർത്തകർ, സിസ്റ്റേഴ്സ്, ആശുപത്രി ജീവനക്കാർ, നഴ്സിംഗ് വിദ്യാർഥികൾ തുടങ്ങിയവർ വാക്കത്തണിൽ പങ്കെടുത്തു.

ഹൃദയാരോഗ്യ സംരക്ഷണത്തിന്റെ പ്രാധാന്യം പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതിനായി ആശുപത്രിയിലെ നഴ്സിംഗ് വിദ്യാർഥികളുടെ നേതൃത്വത്തിൽ ഹൃദയാരോഗ്യ സന്ദേശം ഉൾക്കൊള്ളുന്ന ഫ്ളാഷ് മോബും അവതരിപ്പിച്ചു.

# ചട്ടിയിൽ വളർത്താം കുള്ളൻ ആപ്പിൾ മുതൽ മൾബറി വരെ



മനുഷ്യന്റെ ജീവിതശൈലിയും ഭക്ഷണശീലവും ആകെ മാറിമറിഞ്ഞു. ആരോഗ്യകരമായ ഭക്ഷണം സ്വാഭാവികമായിരുന്ന കാലം മാറി. ആരോഗ്യം വീണ്ടെടുക്കാൻ വേണ്ടി നല്ല ഭക്ഷണം മരുന്നുപോലെ കഴിക്കുന്നതാണ് ഇന്നത്തെ രീതി. കൂട്ടത്തിൽ പഴങ്ങളാണ് പരമപ്രധാനം. എന്നാൽ ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ ഇടമില്ല എന്നതാണ് പലരും നേരിടുന്ന പ്രധാന പ്രശ്നം. പഴങ്ങൾ വിലയ്ക്ക് വാങ്ങി കഴിച്ചാൽ രോഗവും വിലയ്ക്ക് വാങ്ങുന്നു എന്നതാണ് മറ്റൊരു അവസ്ഥ. എന്നാൽ സ്ഥലപരിമിതിയേറെയുള്ള ഇടങ്ങളിൽ പോലും വളർത്താവുന്ന ഫലവൃക്ഷങ്ങൾ ഉണ്ടെന്നതാണ് ആശ്വാസം. ആരോഗ്യകരമായ ജീവിതശൈലിക്കായി നടത്താവുന്ന ഏറ്റവും വലിയ നിക്ഷേപം കൂടിയാണ് ഇത്തരം ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്നത്. അത്തരത്തിൽ ചെറിയ മുറ്റങ്ങളിലോ ബാൽക്കണികളിലോ ഒക്കെ വളർത്താവുന്ന ചില വൃക്ഷങ്ങൾ പരിചയപ്പെടാം.

**കുള്ളൻ ആപ്പിൾ**



മെച്ചപ്പെട്ട ആരോഗ്യത്തിന് ആപ്പിൾ തന്നെയാണ് ഒന്നാമതുള്ളത്. വെറും പത്തടി മാത്രം ഉയരത്തിൽ വളരുന്ന കുള്ളൻ ആപ്പിളുകൾ സ്ഥലപരിമിതിയുള്ള ഇടങ്ങളിൽ പോലും വർത്താനാകും. മരം ചെറുതാണെങ്കിലും പൂർണ്ണ വലുപ്പത്തിലുള്ള പഴങ്ങൾ തന്നെ ഉണ്ടാകും എന്നതാണ് പ്രത്യേകത. എന്നാൽ ഒരു ചെറിയ വേലിക്കുള്ളിൽ ഒതുങ്ങി നിൽക്കുകയും ചെയ്യും. മികച്ച ഫലമുണ്ടാവാൻ രണ്ട് വ്യത്യസ്ത ഇനങ്ങൾ അടുത്തടുത്ത് വളർത്തുന്നത് ഗുണകരമാണ്.

**മെയർ ലെമൺ**

നാരങ്ങ വർഗത്തിൽപ്പെട്ട ചെടി



കൾ കേരളത്തിലെ കാലാവസ്ഥയ്ക്ക് വളരെ അനുയോജ്യമാണ്. വലിയ മരമായി വളരാൻ അനുവദിക്കാതെ പ്രൂണിങ് വഴി വളർച്ച നിയന്ത്രിക്കാം. വലിയ ചട്ടിയിലും വളർത്താം. മെയർ ലെമൺ പോലെയുള്ള ഇനങ്ങൾ ചെറിയ മുറ്റത്തിനും കണ്ടെയ്നർ ഗാർഡനുകൾക്കുമൊക്കെ അനുയോജ്യമാണ്. ഒരു വർഷത്തിൽ തന്നെ പല തവണ കായ്ക്കും എന്നതും സുഗന്ധമുള്ള പൂക്കൾ ഉണ്ടാകും എന്നതുമാണ് മറ്റു പ്രത്യേകതകൾ.

**കുള്ളൻ അത്തി**

ചൂടുള്ള കാലാവസ്ഥയിൽ വളർത്താൻ കഴിയുന്ന കുറിയ ഇനം അത്തിമരങ്ങൾ ചെറിയ വീട്ടുമുറ്റത്തും വലിയ ചട്ടികളിലും വളർ



ത്താം. നല്ല സൂര്യപ്രകാശവും വെള്ളം കെട്ടിനിൽക്കാത്ത മണ്ണും ആവശ്യമാണ്. പക്ഷേ സാധാരണ അത്തിമരത്തെ അപേക്ഷിച്ച് കമ്പുകൾ വെട്ടിയൊതുക്കി വളർച്ച നിയന്ത്രിച്ചു നിർത്തുന്നത് പ്രധാനവുമാണ്. കീടങ്ങളെ സ്വയം പ്രതിരോധിച്ചു നിൽക്കാനും സ്വയം പരാഗണം നടത്താനുമുള്ള കഴിവും ഇവയ്ക്കുണ്ട്.

**കോപാക്ട് പേര**

ജീവിതശൈലി രോഗമുള്ളവർക്കും സുരക്ഷിതമായി കഴിക്കാവുന്ന പഴമാണ് പേരയ്ക്ക. എന്നാൽ സ്ഥലപരിമിതി ഉണ്ടെന്നുള്ളത്കൊണ്ടു മാത്രം പേര മരം നടാൻ സാധിക്കാതെ വിഷമിക്കുന്നവരുമുണ്ട്. ഇതിനുള്ള പരിഹാരമാണ് കോംപാക്ട് പേര. കൃത്യമായി പ്രൂണിങ് നടത്തി പടർന്നു വളരാതെ ശ്രദ്ധിക്കണം. വേരുകൾക്കു ചുറ്റും വെള്ളം കെട്ടി നിൽക്കാതെ ശ്രദ്ധിച്ച് കൃത്യമായ സൂര്യപ്രകാശം ലഭിക്കുന്ന ഇടത്തു തന്നെ നടുക.



**കുള്ളൻ മൾബറി**

ഒട്ടേറെ പോഷകങ്ങളും ആന്റി ഓക്സിഡന്റുകളും നാരുകളും അടങ്ങിയ മൾബറിയുടെ കുള്ളനിനം വളരെ എളുപ്പത്തിൽ ചെറിയ ഇടങ്ങളിൽ നട്ടു പിടിപ്പിക്കാം. മുറ്റത്തും ടെറസിലും വലിയ ചട്ടികളിലും വളർത്താമെന്നതാണ് മെച്ചം. സ്വയം പരാഗണം നടത്തുന്നവയാണ് ഇവ. വളരെ വേഗത്തിൽ വളരുകയും ചെയ്യും. മികച്ച പരിചരണം ലഭിച്ചാൽ എളുപ്പത്തിൽ തന്നെ കായ്ഫലവും ലഭിച്ചു തുടങ്ങും.

# താമര, ആമ്പൽ കൃഷിയുടെ സാധ്യതകൾ



താമരയുടെയും ആമ്പലിന്റെയും പൂക്കൾ മാത്രമല്ല, തണ്ടും കിഴങ്ങുമെല്ലാം ഓൺലൈനായും നേരിട്ടും വിൽപനനടത്തി വരുമാനമുണ്ടാക്കാം. താമര, ആമ്പൽ കൃഷികൾക്കു വലിയ കുളമൊന്നും വേണ്ട. പടുതക്കുളമോ വലിയ പ്ലാസ്റ്റിക് പാത്രങ്ങളോ ചട്ടിയോ ഉപയോഗിച്ച് ചെളി കെട്ടിനിർത്തി കൃഷിചെയ്യാം.

ഉത്സവകാലങ്ങളിലും വിശേഷാവസരങ്ങളിലും താമരപ്പൂവിനു നല്ല ഡിമാൻഡുണ്ട്. അപൂർവ ഇനം താമരകളുടെ കിഴങ്ങുകൾക്കും തൈകൾക്കും ഓൺലൈൻ വിപണിയിൽ നല്ല സാധ്യതയുണ്ട്. താമരയുടെ പല ഭാഗങ്ങളും ഭക്ഷ്യയോഗ്യമാണ്. ചെറിയ സ്ഥലത്ത് ശാസ്ത്രീയമായി ചെയ്താൽ ഉയർന്ന മൂല്യമുള്ള കൃഷിയായി താമരയും ആമ്പലും മാറ്റാം.

കൃഷിയിടത്തിൽ വിരിയുന്ന പൂക്കൾ മാത്രമല്ല, കിഴങ്ങുകളും (വിത്ത്) കരിമ്പ ഇടക്കുറുശ്ശി കെ.എസ്.സനീഷിനു ലാഭംനൽകുന്നു. പ്രവാസിയായിരുന്ന സനീഷിനു 15 സെന്റിൽ അറുപതിലേറെ ഇനം താമരകളാണുള്ളത്. വിത്ത് വിപണനത്തിലൂടെയാണു പ്രധാന വരുമാനം. നിലത്ത് മണ്ണ് ഇരുവശത്തേക്കും മാടിയൊതുക്കി ടാർപോളിൻ ഷീറ്റ് ഉപയോഗിച്ച് വെള്ളം കെട്ടിനിർത്തിയും വലിയ പ്ലാസ്റ്റിക് പാത്രങ്ങളിലുമായാണ് കൃഷി. ഓരോ ഇനത്തിനും പ്രത്യേകം പരിപാലനം നൽകുന്നതിനാൽ ഗുണമേന്മയുള്ള വിത്തുട്യൂബറുകൾ (കിഴങ്ങുകൾ) ലഭിക്കുന്നു. പൂവിട്ട ഒരു ചെടിയിൽ നിന്ന് സാധാരണയായി 2 മുതൽ 6 വരെ വിത്തുകൾ ലഭിക്കും.

ഇനത്തിനനുസരിച്ച് ഒരു വിത്തിന് 200 രൂപ മുതൽ 5,000 വരെ വില ലഭിക്കുന്നു. പ്രത്യേക രീതിയിൽ പായ്ക്ക് ചെയ്താൽ വിത്തുകൾ ഒരാഴ്ചയിലേറെ കേടുകൂടാതെ സൂക്ഷിക്കാനാകുന്നതിനാൽ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്കു കൊറിയർ വഴി അയയ്ക്കുന്നു. പീച്ച് ലേഡി, ശ്വേത, അഖില, തമോ, പനീർ റോസ്, ഗ്രീൻ ആപ്പിൾ, ലക്ഷ്മി, ബുച്ച എന്നിവ പ്രധാന താമര ഇനങ്ങളാണ്. സ്മൈൽ ഓഫ് തായ്‌ലൻഡ്, സൈലൻ, വൈൽഡ് ബെറി, അഞ്ചാൻ, കൊട്ച്ചാ ഇൻ, ഗാലക്സി, പൂവാടോൾ എന്നിവയാണു പ്രധാന ആമ്പൽ ഇനങ്ങൾ.

സൊസൈറ്റി ടുഡേ
SOCIETY TODAY

# എയർ ഇന്ത്യയുടെ നഷ്ടം നികത്താൻ വിപ്ലവകരമായ മാറ്റങ്ങളുമായി പുതിയ സിഇഒ



**മുംബൈ:** ഭീമമായ സാമ്പത്തിക നഷ്ടത്തിൽ പറക്കുന്ന എയർ ഇന്ത്യയെ കരകയറ്റാൻ പദ്ധതികളുമായി പുതിയ സിഇഒ ടെവോൾഡെ ഗെബ്രമറിയം. വിമാനക്കമ്പനിയുടെ സാമ്പത്തിക നില മെച്ചപ്പെടുത്താനും ചെലവ് ചുരുക്കാനും മികച്ച ആശയങ്ങൾ നൽകുന്ന ജീവനക്കാർക്ക് പാരിതോഷികം നൽകാനാണ് പുതിയ സിഇഒയുടെ തീരുമാനം.

എയർ ഇന്ത്യയെ ലാഭത്തിൽ എത്തിക്കാൻ വരുമാനം വർധിപ്പിക്കുകയും ചെലവുകൾ നിയന്ത്രിക്കുകയും ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണെന്ന് അദ്ദേഹം പറഞ്ഞു. പല ബാഹ്യ കാരണങ്ങളും കമ്പനിയെ ലാഭത്തിലെത്തിക്കുന്നതിന് തടസ്സമാകുന്നുണ്ടെങ്കിലും സാമ്പത്തിക അച്ചടക്കത്തിൽ വിട്ടുവീഴ്ച പാടില്ലെന്നാണ് അദ്ദേഹത്തിന്റെ നിലപാട്.

ചെലവ് ചുരുക്കാനും പ്രവർത്തനക്ഷമത വർധിപ്പിക്കാനും സഹായിക്കുന്ന ആശയങ്ങൾ നൽകുന്ന ജീവനക്കാരെ കാത്തിരിക്കുന്നത് മികച്ച പാരിതോഷികങ്ങളാണ്. എന്നാൽ, ഈ പദ്ധതി എന്ന് മുതൽ തുടങ്ങുമെന്നോ പ്രതിഫലം എന്തായിരിക്കുമെന്നോ അദ്ദേഹം വ്യക്തമാക്കിയിട്ടില്ല.

രാജ്യാന്തര സർവീസുകൾ, കാർഗോ ബിസിനസ് തുടങ്ങിയവയിൽ നിന്ന് കൂടുതൽ വരുമാനം കണ്ടെത്താനും കമ്പനി ലക്ഷ്യമിടുന്നുണ്ട്. വരുമാന വർധനവും ചെലവ് ചുരുക്കലും ഒരുമിച്ച് കൊണ്ടുപോകണമെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. വിമാനങ്ങൾ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കാനും സർവീസ് ശൃംഖല വിപുലീകരിക്കാനും പദ്ധതിയുണ്ട്.

ടാറ്റ ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ള എയർ ഇന്ത്യ കനത്ത സാമ്പത്തിക നഷ്ടത്തിലൂടെയാണ് കടന്നുപോകുന്നത്. 2026 സാമ്പത്തിക വർഷത്തിൽ കമ്പനിയുടെ നഷ്ടം 22,238 കോടി രൂപയാണ്. മുൻവർഷം ഇത് 10,859 കോടി രൂപയായിരുന്നു. അതായത്, ഒരു വർഷം കൊണ്ട് നഷ്ടം ഇരട്ടിയിലധികമായി.

പാക്കിസ്ഥാൻ വ്യോമപാതയിലുള്ള നിയന്ത്രണങ്ങൾ കാരണം യൂറോപ്പ്, നോർത്ത് അമേരിക്ക എന്നിവിടങ്ങളിലേക്കുള്ള വിമാനങ്ങൾക്ക് കൂടുതൽ ദൂരം സഞ്ചരിക്കേണ്ടി വരുന്നത് ഇന്ധനച്ചെലവ് കുത്തനെ കൂട്ടിയിട്ടുണ്ട്.

ഇതിനുപുറമെ പശ്ചിമേഷ്യയിലെ സംഘർഷങ്ങളും എയർ ഇന്ത്യയുടെ സർവീസുകളെയും ഇന്ധനച്ചെലവിനെയും ബാധിച്ചു. കഴിഞ്ഞ വർഷം അഹമ്മദാബാദിലുണ്ടായ എഐ 171 വിമാന അപകടത്തിന് പിന്നാലെ ഡയറക്ടറേറ്റ് ജനറൽ ഓഫ് സിവിൽ ഏവിയേഷൻ ഏർപ്പെടുത്തിയ കർശന നിരീക്ഷണവും എയർ ഇന്ത്യയ്ക്ക് വെല്ലുവിളിയാണ്. സുരക്ഷാ വീഴ്ചകൾ ഉണ്ടായെന്ന ഡിജിസിഎയുടെ കണ്ടെത്തലുകൾ എയർ ഇന്ത്യയുടെ പുതിയ നേതൃത്വത്തിന് വലിയ തലവേദനയാണ് സൃഷ്ടിക്കുന്നത്.

എത്യോപ്യൻ എയർലൈൻസിനെ വലിയ വളർച്ചയിലേക്ക് നയിച്ച വ്യക്തിയാണ് ഗെബ്രമറിയം. അദ്ദേഹത്തിന്റെ നേതൃത്വത്തിലാണ് എത്യോപ്യൻ എയർലൈൻസ് അവരുടെ വിമാനങ്ങളുടെ എണ്ണവും രാജ്യാന്തര സർവീസുകളും കാർഗോ ഓപ്പറേഷനുകളും വിപുലീകരിച്ചത്.

ഈ മുൻപരിചയം എയർ ഇന്ത്യയ്ക്കും ഗുണം ചെയ്യുമെന്ന പ്രതീക്ഷയിലാണ് ടാറ്റ ഗ്രൂപ്പ് അദ്ദേഹത്തെ സിഇഒ സ്ഥാനത്തേക്ക് കൊണ്ടുവരുന്നത്. ഒക്ടോബറിൽ അദ്ദേഹം ഔദ്യോഗികമായി ചുമതലയേൽക്കും.2022ൽ ടാറ്റ ഗ്രൂപ്പ് എയർ ഇന്ത്യ ഏറ്റെടുത്തത് മുതൽ സിഇഒ സ്ഥാനത്തുള്ള ക്യാംബെൽ വിൽസന്റെ പിൻഗാമിയായാണ് അദ്ദേഹം എത്തുന്നത്.



# ക്യാഷ്ബാക്ക്, എക്സ്ചേഞ്ച് ബോണസ്, പലിശരഹിത ഇഎംഐ; ഉപഭോക്താക്കളെ ആകർഷിക്കാൻ ഓഫറുകളുമായി ആപ്പിൾ രംഗത്ത്

**മുംബൈ:** ഏറ്റവും പുതിയ ഐഫോൺ 18 സീരിസ് വിലവർധന തിരിച്ചടിയാകുമ്പോൾ ഉപഭോക്താക്കളെ ആകർഷിക്കാൻ ക്യാഷ്ബാക്ക്, എക്സ്ചേഞ്ച് ബോണസ്, പലിശരഹിത ഇഎംഐ അടക്കമുള്ള ഓഫറുകളുമായി ആപ്പിൾ രംഗത്ത്.

ഐഫോൺ 17ന്റെ വില 82,900 രൂപയിൽ നിന്ന് 99,900 രൂപയായാണ് ഉയർന്നത്. ഐഫോൺ 18 പ്രോയ്ക്ക് 1,64,900 രൂപ മുതലും ഐഫോൺ 18 പ്രോ മാക്സിന് 3,29,900 രൂപ വരെയുമാണ് വില. ആപ്പിളിന്റെ ഫോൾഡബിൾ ഐഫോണായ ഐഫോൺ ഡ്യൂവോയുടെ വില 2,99,900 രൂപ മുതലാണ്.

ഇങ്ങനെ വില കുത്തനെ വർധിച്ചതിന് പിന്നാലെ ഐഫോൺ 18 പ്രോ, ഐഫോൺ 18 പ്രോ മാക്സ്, ഐഫോൺ ഡ്യൂവോ എന്നിവയ്ക്ക് 7,000 രൂപ വരെ ക്യാഷ്ബാക്കാണ് ആപ്പിൾ നൽകുന്നത്. ഐഫോൺ 17ന് 5,000 രൂപ വരെയും ഐഫോൺ എയറിന് 4,000 രൂപ വരെയും ക്യാഷ്ബാക്ക് ലഭിക്കും.

പഴയ ഫോൺ എക്സ്ചേഞ്ച് ചെയ്യുന്നവർക്കും അധിക ആനുകൂല്യമുണ്ട്. ചില മോഡലുകൾക്ക് 10,000 രൂപ വരെ എക്സ്ചേഞ്ച് ബോണസ് ലഭിക്കും. ഐഫോൺ 17ന് 8,000 രൂപ വരെ എക്സ്ചേഞ്ച് ബോണസും ലഭിക്കും. പഴയ ഫോണിന്റെ മോഡലും അവസ്ഥയും അനുസരിച്ചായിരിക്കും എക്സ്ചേഞ്ച് മൂല്യം.

പലിശരഹിത ഇഎംഐ സൗകര്യവും ആപ്പിൾ നൽകുന്നുണ്ട്. ഐഫോൺ 17 ഉൾപ്പെടെയുള്ള മോഡലുകൾ ദീർഘകാല ഇഎംഐയിൽ വാങ്ങാൻ സാധിക്കും. ഇതോടൊപ്പം ഐഫോൺ ഫോർ ലൈഫ് പദ്ധതിയിലൂടെ വിലയുടെ ഒരു ഭാഗം പിന്നീട് അടയ്ക്കാനുള്ള സൗകര്യവും ലഭ്യമാണ്.ഉദാഹരണത്തിന്, ഐഫോൺ 17 പലിശരഹിതമായ 18 അല്ലെങ്കിൽ 24 മാസത്തെ ഇഎംഐ പദ്ധതികൾ ഉപയോഗിച്ച് വാങ്ങാം.

മറ്റ് ഐഫോൺ മോഡലുകൾക്കും വ്യത്യസ്ത തിരിച്ചടവ് കാലാവധിയുള്ള ഫൈനാൻസിങ് സൗകര്യങ്ങൾ ലഭ്യമാണ്. കാർഡ് ഇഎംഐ ഉപയോഗിക്കുന്നവർക്ക് ആറു മാസത്തേക്ക് പലിശരഹിത സൗകര്യം ലഭിക്കും, അതേസമയം ദീർഘകാല തിരിച്ചടവ് കാലാവധികളിൽ കുറഞ്ഞ പലിശ നിരക്ക് മാത്രമേ ബാധകമാകൂ. ഇതിനായി പ്രോസസിങ് ഫീസ് ഈടാക്കിയേക്കാം.

ഐഫോണിന് പുറമെ മാക്ബുക്ക്, ഐപാഡ്, ആപ്പിൾ വാച്ച്, എയർപോഡ്സ് തുടങ്ങിയ ഉൽപ്പന്നങ്ങൾക്കും ക്യാഷ്ബാക്ക് ഓഫറുകൾ പ്രഖ്യാപിച്ചിട്ടുണ്ട്. വില കുത്തനെ ഉയർന്ന സാഹചര്യത്തിൽ നേരിട്ടുള്ള വിലക്കുറവിന് പകരം ക്യാഷ്ബാക്കും എക്സ്ചേഞ്ചും ഇഎംഐ സൗകര്യങ്ങളും ഉപയോഗിച്ച് ഉത്സവ സീസണിലെ വിൽപ്പന വർധിപ്പിക്കുകയാണ് ആപ്പിളിന്റെ ലക്ഷ്യം.പുതിയ ഐഫോൺ വാങ്ങാൻ പദ്ധതിയിടുന്നവർക്ക് ബാങ്ക് ഓഫറുകളും എക്സ്ചേഞ്ച് മൂല്യവും കൂടി കണക്കാക്കിയാൽ ചെലവ് കുറയ്ക്കാൻ സാധിച്ചേക്കും.

# ആഗസ്റ്റിൽ ഏറ്റവും കൂടുതൽ മൊബൈൽ വരിക്കാരെ നേടിയത് റിലയൻസ് ജിയോ

**മുംബൈ:** ടെലികോം റെഗുലേറ്ററി അതോറിറ്റി ഓഫ് ഇന്ത്യയുടെ കണക്കുകൾ പ്രകാരം ഓഗസ്റ്റിൽ ഏറ്റവും കൂടുതൽ മൊബൈൽ വരിക്കാരെ നേടി റിലയൻസ് ജിയോ രാജ്യത്ത് ഒന്നാം സ്ഥാനം നിലനിർത്തി.

ഈ കാലയളവിൽ ജിയോ ഏകദേശം 24 ലക്ഷം പുതിയ വരിക്കാരെ സ്വന്തമാക്കിയപ്പോൾ, ഭാരതി എയർടെൽ 21 ലക്ഷം പേരെയും വോഡഫോൺ ഐഡിയ 5.1 ലക്ഷം പേരെയും ബി.എസ്.എൻ.എൽ 4.9 ലക്ഷം പുതിയ വരിക്കാരെയുമാണ് കൂട്ടിച്ചേർത്തത്.

മൊബൈൽ വിപണിക്ക് പുറമെ ബ്രോഡ്ബാൻഡ്, ഫിക്സഡ് വയർലെസ് ആക്സസ് മേഖലകളിലും ജിയോ വൻ മുന്നേറ്റമാണ് കാഴ്ചവെച്ചത്. 53.80 കോടിയിലധികം വരിക്കാരുമായി ബ്രോഡ്ബാൻഡ് രംഗത്തും ജിയോ തന്നെയാണ് മുന്നിൽ. ഓഗസ്റ്റിൽ മാത്രം 3.8 ലക്ഷത്തോളം പുതിയ എഫ്ഡബ്ല്യുഎ കണക്ഷനുകൾ സ്വന്തമാക്കാൻ ജിയോയ്ക്ക് സാധിച്ചിട്ടുണ്ട്.

രാജ്യത്തെ ആകെ വയർലെസ് മൊബൈൽ വരിക്കാരുടെ എണ്ണം 55 ലക്ഷം വർധിച്ച് 129 കോടിയായി ഉയർന്നു. രാജ്യത്തെ മൊത്തം ടെലിഫോൺ വരിക്കാരുടെ എണ്ണം 136 കോടിയായി ഉയർന്നതായും ട്രായ് പുറത്തുവിട്ട പുതിയ കണക്കുകൾ വ്യക്തമാക്കുന്നു.

# യുപിഐ നടപ്പിലാക്കുന്ന ആദ്യ കരീബിയൻ രാജ്യമാകാനൊരുങ്ങി ട്രിനിഡാഡ് ആൻറ് ടൊബാഗോ

**ന്യൂഡൽഹി:** ഇന്ത്യയുടെ യു.പി.ഐ സ്വീകരിക്കുന്ന കരീബിയൻ മേഖലയിലെ ആദ്യ രാജ്യമാകാൻ ഒരുങ്ങി ട്രിനിഡാഡ് ആൻറ് ടൊബാഗോ. ഇന്ത്യയുടെ ഡിജിറ്റൽ പേയ്മെൻറ് സാങ്കേതികവിദ്യയുടെ ആഗോള വികാസത്തിലെ പ്രധാന നാഴികക്കല്ലാണിത്.

ട്രിനിഡാഡ് ആൻറ് ടൊബാഗോയുടെ ഇന്ത്യയിലെ ഹൈക്കമ്മീഷണർ ചന്ദ്രദത്ത് സിങ് ആണ് ഈ വിവരം സ്ഥിരീകരിച്ചത്. യു.പി.ഐ അധിഷ്ഠിത പേയ്മെൻറ് സംവിധാനം നടപ്പിലാക്കുന്നതിനായുള്ള പ്രവർത്തനങ്ങൾ രാജ്യം വേഗത്തിലാക്കി വരികയാണെന്ന് അദ്ദേഹം പറഞ്ഞു.

എൻ.പി.സി.ഐ ഇന്റർനാഷണൽ പേയ്മെന്റ്സ് ലിമിറ്റഡും ട്രിനിഡാഡ് ആൻറ് ടൊബാഗോയുടെ ഡിജിറ്റൽ ട്രാൻസ്ഫോർമേഷൻ മന്ത്രാലയവും തമ്മിലുള്ള കരാറിൻറെ അടിസ്ഥാനത്തിലാണ് ഈ പദ്ധതി മുന്നോട്ട് പോകുന്നത്.

ഇന്ത്യയുടെ യു.പി.ഐ സാങ്കേതികവിദ്യ മാതൃകയാക്കി ഈ കരീബിയൻ രാജ്യത്ത് തത്സമയം കാര്യക്ഷമമായ ഡിജിറ്റൽ പേയ്മെന്റ് സംവിധാനം രൂപകൽപ്പന ചെയ്യുകയാണ് ഈ പങ്കാളിത്തത്തിന്റെ ലക്ഷ്യം. 2024 സെപ്റ്റംബറിലാണ് ഇതുമായി ബന്ധപ്പെട്ട കരാർ കൈമാറിയത്. നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

യു.പി.ഐ ട്രിനിഡാഡ് ആൻറ് ടൊബാഗോയുടെ ഡിജിറ്റൽ പേയ്മെന്റുകളിൽ വരുത്തുന്ന മാറ്റങ്ങൾ

ട്രിനിഡാഡ് ആന്റ് ടൊബാഗോയിലെ വേഗത്തിലുള്ള ഡിജിറ്റൽ ഇടപാടുകൾ സാധ്യമാക്കാനും രാജ്യത്തിൻറെ സാമ്പത്തിക അടിത്തറ ആധുനികീകരിക്കാനും ലക്ഷ്യമിട്ടാണ് ഈ പ്ലാറ്റ്ഫോം രൂപകൽപ്പന ചെയ്തിരിക്കുന്നത്.

കരാർ പ്രകാരം, വ്യക്തികൾ തമ്മിലുള്ള ഇടപാടുകളും വ്യാപാരികൾക്ക് നൽകുന്ന പേയ്മെന്റുകളും എളുപ്പമാക്കാനും ധനകാര്യ സ്ഥാപനങ്ങൾ തമ്മിലുള്ള പരസ്പര ബന്ധം മെച്ചപ്പെടുത്താനും ഇത് സഹായിക്കും. സാങ്കേതിക വൈദഗ്ധ്യം പങ്കുവെക്കൽ, അറിവ് കൈമാറ്റം, ശേഷി വർധിപ്പിക്കൽ എന്നിവയും ഈ പങ്കാളിത്തത്തിന് കീഴിൽ ഉൾപ്പെടുന്നു.

പേയ്മെന്റ് പ്ലാറ്റ്ഫോമിന്റെ പൂർണ്ണ ഉടമസ്ഥാവകാശം ട്രിനിഡാഡ് ആന്റ് ടൊബാഗോയ്ക്ക് തന്നെയായിരിക്കും; എന്നാൽ സിസ്റ്റം പ്രവർത്തിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ സാങ്കേതികവിദ്യയും വൈദഗ്ധ്യവും എൻ.ഐ.പി.എൽ നൽകും.

കാഷ് പേയ്മെൻറുകൾക്കുമേലുള്ള ആശ്രയത്വം കുറയ്ക്കാനും പേയ്മെന്റുകളുടെ കാര്യക്ഷമതയും സുതാര്യതയും വർധിപ്പിക്കാനും കൂടുതൽ സാമ്പത്തിക ഉൾക്കൊള്ളൽ കൈവരിക്കാനും ഈ പദ്ധതി സഹായിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ഡിജിറ്റൽ വാണിജ്യത്തിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കാനും ഉപഭോക്താക്കൾക്കും ബിസിനസുകൾക്കും ഇടപാടുകൾ കൂടുതൽ സൗകര്യപ്രദമാക്കാനും ഇത് വഴിതുറക്കും.

ഭൂട്ടാൻ, നേപ്പാൾ, സിംഗപ്പൂർ, യു.എ.ഇ, ഫ്രാൻസ്, മൗറീഷ്യസ്, ശ്രീലങ്ക, ഖത്തർ, കംബോഡിയ, ഗ്രീസ്, മാലദ്വീപ് എന്നിവയാണ് ഇന്ത്യയുടെ യു.പി.ഐ ഉപയോഗിക്കുന്ന രാജ്യങ്ങൾ. ഇന്ത്യയും ട്രിനിഡാഡ് ആന്റ് ടൊബാഗോയും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുന്നതിനുള്ള വിപുലമായ ശ്രമങ്ങൾക്കിടയിലാണ് യു.പി.ഐ പദ്ധതി നടപ്പിലാക്കുന്നത്.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ട്രിനിഡാഡ് ആന്റ് ടൊബാഗോ സന്ദർശന വേളയിൽ വ്യാപാരം, നിക്ഷേപം, സാങ്കേതിക സഹകരണം, ജനങ്ങൾ തമ്മിലുള്ള ബന്ധം എന്നീ മേഖലകളിൽ ആറ് ധാരണാപത്രങ്ങളിലും കരാറുകളിലും ഒപ്പുവെച്ചതായി സിങ് പറഞ്ഞു.



# പോർഷെ ഇന്ത്യ പുതിയ കയ്ൻ ഇലക്ട്രിക് അവതരിപ്പിച്ചു

**കൊച്ചി:** പോർഷെ ഇന്ത്യ ഇലക്ട്രിക് വാഹനങ്ങളുടെ നിര വിപുലീകരിച്ചു കൊണ്ട് കയൻ ഇലക്ട്രിക് അവതരിപ്പിച്ചു. മുംബൈയിൽ നടന്ന ചടങ്ങിൽ സെപ്തംബർ 30ന് കയൻ ഇലക്ട്രിക് അവതരിച്ചു. ഇന്നലെ തന്നെ വാഹനങ്ങളുടെ വിതരണവും ആരംഭിച്ചു.

രണ്ട് വകഭേദങ്ങളാണ് അവതരിപ്പിച്ചത്. കയൻ ഇലക്ട്രിക്കിന് 1,77,27,000 രൂപയും, കെയെൻ ടർബോ ഇലക്ട്രിക്കിന് 2,27,51,000 രൂപയുമാണ് അടിസ്ഥാന വില.

'വൈദ്യുതവൽക്കരണത്തിലൂടെ കയൻ സുപ്രധാനമായ ഒരു പുതിയ ഘട്ടത്തിലേക്ക് കടക്കുകയാണ്. വിട്ടുവീഴ്ചയില്ലാത്ത പോർഷെ പ്രകടനക്ഷമതയെ വൈദ്യുതിയുമായി സംയോജിപ്പിക്കുമ്പോഴും തനതായ പോർഷെ സ്വഭാവം അത് നിലനിർത്തുന്നു,' പോർഷെ ഇന്ത്യ മേധാവി അശുതോഷ് ദീക്ഷിത് പറഞ്ഞു.

'കയ്നിൽ നിന്ന് ഞങ്ങളുടെ ഉപഭോക്താക്കൾ പ്രതീക്ഷിക്കുന്ന ദൈനംദിന ഉപയോഗക്ഷമതയും, ഞങ്ങളുടെ സ്പോർട്സ് കാറുകളെ നിർവചിക്കുന്ന പ്രകടനം, എഞ്ചിനീയറിംഗ്, ഡ്രൈവിംഗ് അനുഭവം എന്നിവയും ഇത് തുടർന്നും ലഭിക്കും. ഞങ്ങളുടെ ഉപഭോക്താക്കൾക്ക് തെരഞ്ഞെടുക്കാനുള്ള ശ്രേണികൾ വിശാലമാക്കുന്നത് തുടരുമ്പോൾ തന്നെ ഈ മോഡലിന്റെ പുറത്തിറക്കൽ ഇന്ത്യയിൽ പോർഷെയുടെ ഒരു പ്രധാന അടുത്ത അധ്യായമായി അടയാളപ്പെടുത്തുകയും ചെയ്യുന്നു.'

ബ്രാൻഡിന്റെ നിലവിലുള്ള മോഡൽ പോർട്ട്ഫോളിയോയ്ക്കൊപ്പം ഒരു പൂർണ്ണ വൈദ്യുത ഓപ്ഷൻ ഉപഭോക്താക്കൾക്ക് നൽകിക്കൊണ്ട് കയ്ൻ ഇലക്ട്രിക് പോർഷെ ഇന്ത്യയുടെ ഉൽപ്പന്ന വാഗ്ദാനത്തെ ശക്തിപ്പെടുത്തുന്നു. കയ്ൻ ഇലക്ട്രിക്കും ഉയർന്ന പ്രകടനമുള്ള കയ്ൻ ടർബോ ഇലക്ട്രിക്കും പുറത്തിറക്കൽ മുതൽ ലഭ്യമായതിനാൽ ഉപഭോക്താക്കൾക്ക് അവരുടെ വ്യക്തിഗത പ്രകടനവും ഉടമസ്ഥാവകാശ ആവശ്യകതകളും ഏറ്റവും നന്നായി പ്രതിഫലിപ്പിക്കുന്ന മോഡൽ തെരഞ്ഞെടുക്കാനാകും. കയ്ൻ പെട്രോൾ മോഡൽ തുടർന്നും വിപണിയിൽ ലഭ്യമാണ്.

# ബന്ധൻ ഫ്ളെക്സി ക്യാപ് ഫണ്ട് ഇരുപത്തിയൊന്ന് വർഷങ്ങൾ പൂർത്തിയാക്കുന്നു

**കൊച്ചി:** വിപണിയിലെ മാറ്റങ്ങളെയും ചാക്രിക വ്യതിയാനങ്ങളെയും നേരിടാൻ ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്ത ബന്ധൻ ഫ്ളെക്സി ക്യാപ് ഫണ്ട് പ്രവർത്തനത്തിന്റെ ഇരുപത്തിയൊന്ന് വർഷങ്ങൾ പൂർത്തിയാക്കുന്നു. ഒരൊറ്റ നിക്ഷേപ ശൈലിയിലോ മുൻഗണനയിലോ മാത്രം ഒതുങ്ങിനിൽക്കാതെ, വൈവിധ്യവൽക്കരണവും പൊരുത്തപ്പെടാനുള്ള കഴിവും മുഖമുദ്രയാക്കിയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വിപണിയുടെ വിവിധ ഘട്ടങ്ങളിൽ വ്യത്യസ്തമായ നിക്ഷേപ തന്ത്രങ്ങൾ മുൻപന്തിയിൽ എത്താറുണ്ടെന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞ്, കൃത്യമായ സന്തുലിതാവസ്ഥയോടെയാണ് ഫണ്ട് മുന്നോട്ടു പോകുന്നത്.

മൊമെന്റം, ഗുണനിലവാരം, മൂല്യം എന്നീ മൂന്ന് വ്യത്യസ്ത നിക്ഷേപ മേഖലകളെ സംയോജിപ്പിച്ചുകൊണ്ടാണ് ഈ തന്ത്രം നടപ്പിലാക്കുന്നത്. ലാർജ്, മിഡ്, സ്മോൾ ക്യാപ് വിഭാഗങ്ങളിലെ ഓഹരികളുടെ പ്രകടനത്തിനനുസരിച്ച് നിക്ഷേപ വിഹിതം മാറ്റിയെടുക്കാനുള്ള പ്രത്യേക വഴക്കം ഈ ഫണ്ടിനുണ്ട്. വിപണിയിലെ അവസരങ്ങൾ എവിടെയാണോ അവിടെ കൃത്യമായി ഇടപെടാനും, മുൻകൂട്ടി നിശ്ചയിച്ച കർക്കശമായ നിയമങ്ങളെ അന്ധമായി പിന്തുടരുന്നതിന് പകരം സാഹചര്യങ്ങൾക്ക് അനുസരിച്ച് നിലപാട് മാറ്റാനുമുള്ള കഴിവ് ഇതിനെ കൂടുതൽ ശ്രദ്ധേയമാക്കുന്നു.

അമിതമായ റിസ്ക് എടുത്ത് ചുരുക്കം ചില കമ്പനികളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നതിന് പകരം, അച്ചടക്കത്തോടെയുള്ള വളർച്ചയിലൂടെ സുസ്ഥിരമായ സമ്പത്ത് സൃഷ്ടിക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇന്ത്യൻ ഇക്വിറ്റി വിപണി കൂടുതൽ പക്വത പ്രാപിക്കുന്ന ഈ കാലഘട്ടത്തിൽ, മുൻകൂട്ടി പ്രവചിക്കുന്നതിനേക്കാൾ സാഹചര്യം അനുസരിച്ച് പൊരുത്തപ്പെടാൻ കഴിയുന്ന മികച്ചൊരു നിക്ഷേപ മാർഗ്ഗമാണിത്.

മാറിക്കൊണ്ടിരിക്കുന്ന വിപണി സാഹചര്യങ്ങളിൽ സമതുലിതമായ ഒരു സമ്പാദ്യ മാതൃക ആഗ്രഹിക്കുന്ന നിക്ഷേപകർക്ക് ഇത് മികച്ചൊരു അവസരമാണ് നൽകുന്നത്.

# ഫ്ളിപ്കാർട്ട് വിതരണ ശൃംഖല വിപുലീകരിച്ചു

**കൊച്ചി:** ദീപാവലി, ഉത്സവകാല വിൽപ്പനയ്ക്ക് മുന്നോടിയായി ഫ്ളിപ്കാർട്ട് വിതരണ ശൃംഖല വിപുലീകരിച്ചു. എകാർട്ടിൽ 14 ദശലക്ഷം ക്യുബിക് അടി അധിക വെയർഹൗസിംഗ് സൗകര്യം ഒരുക്കി സംഭരണ ശേഷി 50 ശതമാനം വർധിപ്പിച്ചു. 750ലധികം പുതിയ പിൻകോഡുകളിലേക്ക് സേവനം വ്യാപിപ്പിച്ചതോടെ ലേ, കാർഗിൽ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിലെ വിവിധ മേഖലകളും ഫ്ളിപ്കാർട്ടിന്റെ ശൃംഖലയിൽ ഉൾപ്പെട്ടു. ഉത്സവകാലത്തെ ഉയർന്ന ഡിമാൻഡ് കൈകാര്യം ചെയ്യുന്നതിനായി എകാർട്ടിന്റെ പീക്ക് പ്രോസസ്സിംഗ് ശേഷി 30 ശതമാനത്തിലധികം വർധിപ്പിച്ചു. 2.5 കോടിയിലധികം എംഎസ്എംഇ, വിൽപ്പനക്കാരുടെ ഉൽപ്പന്നങ്ങൾ ഫുൾഫിൽമെന്റ് സെന്ററുകളിൽ മുൻകൂട്ടി എത്തിച്ചിട്ടുണ്ട്. 900ലധികം പുതിയ ഡെലിവറി ഹബ്ബുകളും ആരംഭിച്ചു. രാജ്യത്താകെ 8,200ലധികം എകാർട്ട് സൗകര്യങ്ങളാണ് നിലവിലുള്ളത്. ഉത്സവ സീസണിൽ 2.5 ലക്ഷം നേരിട്ടും പരോക്ഷമായും തൊഴിലവസരങ്ങളും ഫ്ളിപ്കാർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്.

## 15 ലക്ഷം രൂപ വീതം ഡെത്ത് ക്ലെയിം നൽകി ഐസിഐസിഐ പ്രുഡൻഷ്യൽ

**കൊച്ചി:** 2026 സാമ്പത്തിക വർഷത്തിൽ കുടുംബങ്ങൾക്ക് വ്യക്തിഗത ഡെത്ത് ക്ലെയിമായി ശരാശരി 15 ലക്ഷം രൂപ വീതം നൽകി ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ്. തുടർച്ചയായി രണ്ടാം വർഷമാണ് കമ്പനി ഈ നേട്ടം കൈവരിക്കുന്നത്. കഴിഞ്ഞ ആറ് വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ, 2021 സാമ്പത്തിക വർഷത്തിൽ ശരാശരി 10 ലക്ഷം രൂപയായിരുന്ന വ്യക്തിഗത ക്ലെയിം തുകയാണ് ഇപ്പോൾ 15 ലക്ഷം രൂപയായി വർധിച്ചിരിക്കുന്നത്. വരുമാനത്തിലും സാമ്പത്തിക ഉത്തരവാദിത്വങ്ങളിലും മാറ്റങ്ങൾ വരുന്നതിനനുസരിച്ച് ലൈഫ് ഇൻഷുറൻസ് പരിരക്ഷ കൃത്യമായി പുനഃപരിശോധിക്കേണ്ടതിന്റെ പ്രാധാന്യമാണ് ഈ കണക്കുകൾ വ്യക്തമാക്കുന്നത്.

2026 സാമ്പത്തിക വർഷത്തിൽ ആകെ 5,149 കോടി രൂപയുടെ ഡെത്ത് ക്ലെയിമുകളാണ് കമ്പനി തീർപ്പാക്കിയതെന്ന് അണ്ടർറൈറ്റിങ് ആൻഡ് റീട്ടെയിൽ ക്ലെയിംസ് വിഭാഗം മേധാവി സാരംഗ് ഗോകലെ പറഞ്ഞു. 99.3 ശതമാനം എന്ന മികച്ച ക്ലെയിം സെറ്റിൽമെന്റ് നിരക്ക് രേഖപ്പെടുത്തിയ കമ്പനി, അന്വേഷണം ആവശ്യമില്ലാത്ത വ്യക്തിഗത ക്ലെയിമുകൾ അവസാന രേഖ ലഭിച്ച് ശരാശരി 1.1 ദിവസത്തിനുള്ളിൽ തീർപ്പാക്കുകയും ചെയ്തു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ക്ലെയിം നടപടികൾ വേഗത്തിലും ലളിതമായും പൂർത്തിയാക്കാനാണ് കമ്പനി പ്രാധാന്യം നൽകുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.



## ഐക്യരാഷ്ട്രസഭാ സർവകലാശാല കേരളത്തിലേക്ക്; കൊച്ചി ആസ്ഥാനമായി ക്യാംപസ് തുടങ്ങാൻ സർക്കാരിനെ താൽപര്യമറിയിച്ചു

**തിരുവനന്തപുരം:** യുഎൻ സർവകലാശാല ക്യാംപസ് കേരളത്തിലേക്ക്. കൊച്ചി ആസ്ഥാനമായി ക്യാംപസ് തുടങ്ങാൻ സർക്കാരിനെ താൽപര്യമറിയിച്ചു. കുസാറ്റ്, ന്യുവാൽസ്, സി.ഡി.എസ് എന്നിവയുമായി സഹകരിച്ചായിരിക്കും പ്രവർത്തനം. ഈ സർവകലാശാലകളുമായി ചേർന്ന് സംയുക്ത സർട്ടിഫിക്കറ്റായിരിക്കും നൽകുക. ബിരുദാനന്തര ബിരുദം, ഡോക്ടറൽ കോഴ്സുകൾ സർവകലാശാലയിലുണ്ടാകും.

2027ൽ സർവകലാശാല പ്രവർത്തനം ആരംഭിക്കുമെന്നാണ് വിവരം. ജപ്പാനിലെ ടോക്യോയാണ് യുഎൻ യൂണിവേഴ്സിറ്റിയുടെ ആസ്ഥാനം. 1975ൽ പ്രവർത്തനം തുടങ്ങിയ യുഎൻ യൂണിവേഴ്സിറ്റിക്ക് ലോകത്താകെ 13 ക്യാംപസുകളുണ്ട്.

ആഗോള പ്രശ്നങ്ങളിൽ ഗവേഷണവും പഠനങ്ങളും നടത്തുകയാണ് സർവകലാശാലയുടെ പ്രധാനപ്പെട്ട ഉദ്ദേശ്യലക്ഷ്യം. ഇതുമായി ബന്ധപ്പെട്ട കൂടിയാലോചനകൾ തുടങ്ങിക്കഴിഞ്ഞു. വിദ്യാർഥികൾക്ക് ഇത് ഗുണം ചെയ്യുമെന്നാണ് പ്രതീക്ഷ.

സർക്കാരിന്റെ പുതിയ സ്വകാര്യ സർവകലാശാല ബില്ലിന്റെ ചുവട് പിടിച്ചാണ് വിദേശ സർവകലാശാലകൾ എത്തുന്നത്. പുതിയ ബിൽ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കും.